"ഭരണഭാഷ-മാതൃഭാഷ"

നം. എച്ച്2/25290/2017


വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
തൃശ്ശൂർ. തീയ്യതി 19/12/2018
E.mail: ddedntsr@gmail.com
Website: WWW.ddethrissur.org
Phone: 0487 2360810.


പ്രേഷകൻ

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - സംസ്ഥാന ആർക്കൈവ്സ് വകുപ്പ് ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ചരിത്ര ക്വിസ് മത്സരം 2018- സംബന്ധിച്ച്.

സൂചന:- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 12/12/18 ലെ വൈ(1)37902/18/ഡി.പി.ഐ നമ്പർ സർക്കുലർ

മേൽ സൂചനയിലേയ്ക്ക് താങ്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാന ആർക്കൈവ്സ് വകുപ്പ് ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന ചരിത്ര ക്വിസ് മത്സരത്തിൽ കുട്ടികളെ പങ്കെടുപ്പിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ പ്രധാന അദ്ധ്യാപകർക്ക് നൽകേണ്ടതാണ്. ചരിത്രക്വിസ് മത്സരം നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1. സർക്കാർ എയിഡഡ് അംഗീകൃത ഹൈസ്ക്കൂൾ കുട്ടികളെയാണ് മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്.
2. ഹൈസ്ക്കൂൾ തല മത്സരം അതാത് സ്കൂൾ അധികൃതർ നടത്തുകയും ആയതിൽ ഒന്നാമതെത്തുന്ന 2 പേർ അടങ്ങിയ ഒരു ടീമിനെ റവന്യൂ ജില്ലാ തല മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.
3. മത്സരം മലയാള ഭാഷയിലാണ് നടത്തുന്നത്.
4. മത്സരം കേരള "നവോത്ഥാന ചരിത്രം" എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും.
5. ജനുവരി 2019 ആദ്യവാരത്തിലാണ് ജില്ലാതല ക്വിസ് മത്സരം നടത്തുന്നത്. (മത്സരം നടക്കുന്ന സ്ഥലവും, തിയ്യതിയും പിന്നീട് അറിയിക്കുന്നതാണ്).

മത്സരത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതിനാൽ നിർബന്ധമായും എല്ലാ ഗവ./എയിഡഡ്/അംഗീകൃത സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർക്ക് അടിയന്തിരമായി നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും ഇതിനാൽ ഓർമ്മിപ്പിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
വിദ്യാഭ്യാസ ഉപഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

സർക്കുലർ നമ്പർ A5/PDL/2018 Dt 20/12/2018 ശ്രദ്ധിച്ച് എല്ലാ പ്രധാനാധ്യാപകരുടെയും അറിവിലേക്കായി നൽകുന്നു. ഇതിൽ പറഞ്ഞിരിക്കുന്ന ഒന്നാം സ്ഥാനം ലഭിക്കുന്ന 2 പേർ അടങ്ങിയ ഒരു ടീമിനെ തിരഞ്ഞെടുത്ത് റവന്യൂ ജില്ലാ തല മത്സരത്തിൽ പങ്കെടുപ്പിക്കുവാൻ

→ P.T.O

Scanned by CamScanner

[illegible] ചെയ്

മാതൃനാട് നിർബന്ധിതമാണ്. ശ്രീക്ക നല്ല ഭരണത്തിന്റെ
കൈവരിച്ചും സ്ഥലവും പിന്നിടത്തിരുന്നതാണ്.

Ambikadevi
For ശ്രീക്ക വിദ്യാലയത്തിന്റെ നാമത്തിൽ
ഉദ്യോഗസ്ഥൻ.